Sunday Vol. 14 No. 30 CYCLE - C

# വെർബും ദോമിനി
VERBUM DOMINI

ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ

2025 ജൂൺ 15

## പി. ത്രിത്വത്തിന്റെ തിരുനാൾ

# 1+1+1 = 1

ഫാ. ബിബിൻ ജോർജ്ജ് തറേപ്പറമ്പിൽ



**പ**രിശുദ്ധ ത്രിത്വം എന്താണ് എന്നതിനെക്കുറിച്ചല്ല, പരിശുദ്ധ ത്രിത്വം എപ്രകാരം നമുക്ക് മാതൃകയായി വെളിപ്പെടുത്തുന്നു എന്നതാണ് ത്രിത്വത്തിന്റെ തിരുനാളിലെ വിചിന്തന വിഷയം. “ദൈവം ഏകാന്തതയല്ല, പിന്നെയോ സമ്പൂർണ്ണമായ സംസർഗമാണ്” (ബെനഡിക്ട് 16-ാമൻ പാപ്പാ, മെയ് 22, 2005) എന്ന വിശ്വാസസത്യത്തെ ധ്യാനിക്കാനും ആരാധിക്കാനുമായി ആണ്ടുവട്ടത്തിൽ ഒരു ഞായറാഴ്ച നീക്കി വച്ചതാണ് പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ. സർവ്വശക്തനായ ദൈവം കൂട്ടായ്മയിൽ കൂട്ടുകൂടി കഴിയുന്നു എന്ന് ചിന്തിച്ചാൽ പരിശുദ്ധ ത്രിത്വം എന്ന മഹാരഹസ്യം സങ്കീർണമായി നമുക്ക് അനുഭവപ്പെടില്ല.

പതിനഞ്ചാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ റഷ്യൻ ചിത്രകാരനായ അദ്രേ റുബ്ലേവ് സൃഷ്ടിച്ച ഒരു ഐക്കൺ ആണ് ‘TRINITY’. ഉൽപ്പത്തി 18: 1-25 വരെയുള്ള വേദഭാഗത്തെ അടിസ്ഥാനമാക്കിയാണ് ഈ ചിത്രം വരച്ചിട്ടുള്ളത്. മാംമ്രേയുടെ ഓക്കുമരത്തിനു ചുവട്ടിൽ അബ്രഹാം കണ്ടെത്തിയ മൂന്ന് പഥികർ പരി. ത്രിത്വത്തിന്റെ സൂചനയാണെന്ന് സഭാപിതാക്കന്മാർ ചൂണ്ടിക്കാട്ടുന്നുണ്ട്. പരി. ത്രിത്വത്തെ അത്രയും മനോഹരമായി ചിത്രീകരിച്ചിരിക്കുന്ന ഈ ഐക്കൺ ഒന്ന് ഗൂഗിളിൽ സെർച്ച് ചെയ്ത് കാണുന്നത് പുതിയൊരു അനുഭവം നൽകും. ഒരു മേശയ്ക്ക് ചുറ്റും ഇരിക്കുന്ന പിതാവും പുത്രനും പരിശുദ്ധാത്മാവും കൂട്ടായ്മയുടെ ദിവ്യമായ മാതൃകയാണ് നമുക്കു മുന്നിൽ അവതരിപ്പിക്കുന്നത്.

വിശുദ്ധ അഗസ്തീനോസ് ത്രിത്വത്തെ എളുപ്പത്തിൽ വ്യാഖ്യാനിച്ചു തരുന്നതിങ്ങനെയാണ്: “എവിടെയെല്ലാം സ്നേഹമുണ്ടോ അവിടെയെല്ലാം ഒരു ത്രിത്വമുണ്ട്. സ്നേഹിക്കുന്ന വ്യക്തി, സ്നേഹിക്കപ്പെടുന്ന വ്യക്തി, സ്നേഹത്തിന്റെ ഒരു ഉറവ.” ത്രിത്വത്തെക്കുറിച്ചുള്ള സങ്കീർണ വ്യാഖ്യാനത്തേക്കാൾ പ്രധാനം ഈ ത്രിത്വ രഹസ്യം ജീവിക്കുന്നതാണ്. ഇത് പ്രാവർത്തികമാക്കേണ്ട ഇടം നമ്മുടെ കുടുംബം തന്നെയാണ്. കൂട്ടായ്മയുടെ അരൂപി നഷ്ടപ്പെടുന്ന കുടുംബങ്ങളും, അവയുടെ തകർച്ചയും സാധാരണമായിക്കൊണ്ടിരിക്കുകയാണ്. പങ്കാളിയുടെ ഏകാധിപത്യ പ്രവണതകൾ വിവാഹമോചനങ്ങളിൽ കലാശിക്കുന്നു. കൂടിയാലോചനകൾ ഇല്ലാത്ത കുടുംബത്തെ പ്രായപൂർത്തിയായ മക്കളും വെറുക്കുന്നു. പ്രായമേറെയായിട്ടും പിതൃസ്വത്ത് പങ്കുവയ്ക്കാൻ മടിക്കുന്ന കുടുംബനാഥന്മാർ കൂട്ടായ്മയുടെ അർത്ഥം മറന്നവരാണ്. ജീവിതം മുഴുവൻ മക്കൾക്കായി ജീവിച്ചിട്ടും വൃദ്ധരായ മാതാപിതാക്കളെ ബാധ്യതയും, ശല്യവുമായി കരുതുന്ന മക്കളും കൂട്ടായ്മയുടെ ദിവ്യമായ അർത്ഥം പിടികിട്ടാത്തവരാണ്. ആകാശം മുട്ടുന്ന ബാബേൽ ഗോപുരം പണിയാൻ ആരംഭിച്ചു. ഭാഷ ചിതറി. ഗോപുരം പണി അവസാനിച്ചു. ഇതുപോലെ ഒരുമയുടെ ഭാഷ നഷ്ടപ്പെട്ട് ചിതറുന്ന കുടുംബങ്ങളുടെ കാലമാണിന്ന്. പത്ത് പേർ കൂടുന്നിടത്ത് പത്ത് പേരും മലയാളം പറഞ്ഞതുകൊണ്ട് ഒരുമയുടെ ഭാഷ ഉണ്ടായെന്ന് വരില്ല.

ത്രിത്വത്തിലെ കൂട്ടുകെട്ടിലുള്ള ഐക്യത്തിന് അടിവരയിട്ട് യേശു പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക: “പിതാവിനുള്ളതെല്ലാം എനിക്കുള്ളതാണ്. പരിശുദ്ധാത്മാവ് എനിക്കുള്ളവയിൽ നിന്നു സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും” (യോഹ 16: 15). പിതാവ് എല്ലാം പുത്രനെ ഭരമേൽപ്പിക്കുന്നതും, പിതാവ് അറിയാതെ പുത്രൻ ഒന്നും ചെയ്യാത്തതും, പിതാവും പുത്രനും തമ്മിലുള്ള സ്നേഹമായി പരിശുദ്ധാരൂപി ഗ്രഹിക്കപ്പെടുന്നതുമായ ദൈവസങ്കൽപ്പത്തെ മനസ്സിലാക്കുമ്പോൾ വ്യക്തിജീവിതത്തിലും, കുടുംബജീവിതത്തിലും ചില അടിസ്ഥാന മാറ്റങ്ങൾ സംഭവിക്കുന്നത് കാണാം. സ്നേഹം പങ്കുവയ്ക്കാൻ തടസ്സമാകുന്ന പുതിയ ജീവിതരീതികളും സംസ്കാരവും കുടുംബത്തിൽ അടിസ്ഥാനരഹിതമാകുന്നതും കാണാം.

മൂന്ന് ഒന്നുകൾ ചേർന്ന് ഒന്നായി നിലകൊള്ളുന്ന ഈ വിചിത്ര ഗണിതത്തെ തല കൊണ്ടല്ല, മറിച്ച് ഹൃദയം കൊണ്ട് ഗ്രഹിക്കാൻ ശ്രമിക്കാം.

1. ഞാനൊരു നല്ല അപ്പൻ / അമ്മയാണോ?
2. ഞാനൊരു നല്ല മകൻ / മകളാണോ?
3. ഞാനെന്റെ സഹോദരങ്ങൾക്ക് നല്ലൊരു സഹായിയാണോ?

അല്ലെങ്കിൽ ഞാൻ എന്തു ചെയ്യണം?

പരിശുദ്ധ ത്രിത്വ ധ്യാനം നമ്മുടെ കുടുംബങ്ങളെയും കൂട്ടായ്മകളെയും ശാക്തീകരിക്കട്ടെ. തിരുനാളാശംസകൾ.

**ആമുഖം** പ്രിയമുള്ളവരെ, തിരുസഭ ഇന്ന് പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ ആഘോഷിക്കുകയാണ്. ക്രൈസ്തവരായ നമ്മുടെ ഓരോരുത്തരുടെയും ഓരോ ദിവസവും ആരംഭിക്കുന്നതു തന്നെ പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിലാണ്. എന്നാൽ ത്രിത്വമെന്ന ഈ മഹാരഹസ്യത്തെ നമ്മുടെ ബുദ്ധി കൊണ്ട് മനസ്സിലാക്കുക അസാധ്യമാണ്. വിശ്വാസത്തിന്റെ തലത്തിൽ നിന്നുകൊണ്ടു മാത്രമേ ഈ രഹസ്യം ഉൾക്കൊള്ളാൻ നമുക്ക് സാധിക്കുകയുള്ളൂ. പിതാവും, പുത്രനും, പരിശുദ്ധാത്മാവും സ്നേഹത്തിലും, ഐക്യത്തിലും ഒന്നായിരിക്കുന്നതുപോലെ നമ്മളും ത്രിയേക ദൈവത്തിൽ ഒന്നായിരിക്കണം. എങ്കിൽ മാത്രമേ പരി. ത്രിത്വത്തിൽ വിളങ്ങി നിൽക്കുന്ന ഗുണങ്ങൾ നമ്മിലും ഉണ്ടാവുകയുള്ളൂ. അതിനാൽ എന്നും, എപ്പോഴും ആ ത്രിയേക ദൈവത്തിന്റെ സ്നേഹസാന്നിദ്ധ്യം നമ്മിലും നമ്മുടെ സമൂഹത്തിലും കുടുംബങ്ങളിലും അനുഭവവേദ്യമാകുവാനുള്ള കൃപാവരത്തിനായി പ്രാർത്ഥിച്ചുകൊണ്ട് ബലിയർപ്പണത്തിനായി നമ്മെ തന്നെ ഒരുക്കാം.

## ഒന്നാം വായന

### സുഭാഷിതങ്ങളുടെ പുസ്തകത്തിൽ നിന്ന് (8 : 22-31)

*(ഭൂമിയുടെ ആവിർഭാവത്തിനുമുമ്പ് ജ്ഞാനം സ്ഥാപിക്കപ്പെട്ടു)*

ദൈവത്തിന്റെ ജ്ഞാനം ഇപ്രകാരം അരുളിച്ചെയ്യുന്നു: കർത്താവ് തൻെറ സൃഷ്ടികർമത്തിൻെറ ആരംഭത്തിൽ, തൻെറ എല്ലാ ആദ്യസൃഷ്ടികളിലും ആദ്യത്തേതായി എന്നെ സൃഷ്ടിച്ചു. യുഗങ്ങൾക്കു മുൻപ്, ഭൂമിയുടെ ആവിർഭാവത്തിനു മുൻപ്, ഒന്നാമതായി ഞാൻ സ്ഥാപിക്കപ്പെട്ടു. സമുദ്രങ്ങൾക്കും ജലസമൃദ്ധമായ അരുവികൾക്കും മുൻപുതന്നെ എനിക്കു ജൻമം കിട്ടി. പർവതങ്ങൾക്കും കുന്നുകൾക്കും രൂപം കിട്ടുന്നതിനു മുൻപ് ഞാനുണ്ടായി. ഭൂമിയോ അതിലെ വയലുകളോ ആദ്യത്തെ പൂഴിത്തരിയോ നിർമിക്കുന്നതിനും മുൻപ് എനിക്കു ജൻമം നൽകപ്പെട്ടു. അവിടുന്ന് ആകാശങ്ങൾ സ്ഥാപിച്ചപ്പോഴും സമുദ്രത്തിനുമീതേ ചക്രവാളം നിർമിച്ചപ്പോഴും ഉയരത്തിൽ മേഘങ്ങളെ ഉറപ്പിച്ചപ്പോഴും സമുദ്രത്തിന് ഉറവകളെ സ്ഥാപിച്ചപ്പോഴും ജലം തൻെറ കൽപന ലംഘിക്കാതിരിക്കാൻ വേണ്ടി സമുദ്രത്തിന് അതിരിട്ടപ്പോഴും ഭൂമിയുടെ അടിത്തറ ഉറപ്പിച്ചപ്പോഴും വിദഗ്ധനായ ഒരു പണിക്കാരനെപ്പോലെ ഞാൻ അവിടുത്തെ അരികിലുണ്ടായിരുന്നു. അനുദിനം ആഹ്ലാദിച്ചുകൊണ്ടും അവിടുത്തെ മുൻപിൽ സദാ സന്തോഷിച്ചുകൊണ്ടും ഞാൻ കഴിഞ്ഞു. മനുഷ്യൻ അധിവസിക്കുന്ന അവിടുത്തെ ലോകത്തിൽ ഞാൻ സന്തോഷിക്കുകയും മനുഷ്യപുത്രരിൽ ആനന്ദം കണ്ടെത്തുകയും ചെയ്തു.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

### (8 : 4-5, 6, 7-8)

**കർത്താവേ, ഞങ്ങളുടെ കർത്താവേ, ഭൂമിയിലെങ്ങും അവിടുത്തെ നാമം എത്ര മഹനീയം!**

അവിടുത്തെ ചിന്തയിൽ വരാൻമാത്രം മർത്യന് എന്തു മേൻമയുണ്ട്? അവിടുത്തെ പരിഗണന ലഭിക്കാൻ മനുഷ്യപുത്രന് എന്ത് അർഹതയാണുള്ളത്? എന്നിട്ടും അവിടുന്ന് അവനെ ദൈവദൂതൻമാരെക്കാൾ അൽപം മാത്രം താഴ്ത്തി; മഹത്വവും ബഹുമാനവും കൊണ്ട് അവനെ മകുടമണിയിച്ചു.

**കർത്താവേ, ഞങ്ങളുടെ .....**

അങ്ങു സ്വന്തം കരവേലകൾക്കുമേൽ അവന് ആധിപത്യം നൽകി; എല്ലാറ്റിനെയും അവൻെറ പാദത്തിൻ കീഴിലാക്കി.

**കർത്താവേ, ഞങ്ങളുടെ .....**

ആടുകളെയും കാളകളെയും വന്യമൃഗങ്ങളെയും ആകാശത്തിലെ പറവകളെയും സമുദ്രത്തിലെ മത്സ്യങ്ങളെയും കടലിൽ സഞ്ചരിക്കുന്ന സകലതിനെയും തന്നെ.

**കർത്താവേ, ഞങ്ങളുടെ .....**

## രണ്ടാം വായന

### വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽനിന്ന് (5 : 1-5)

*(ക്രിസ്തുവഴി ദൈവത്തിന്റെ സ്നേഹം പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു)*

സഹോദരരേ, വിശ്വാസത്താൽ നീതീകരിക്കപ്പെട്ട നമുക്ക് നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി ദൈവവുമായി സമാധാനത്തിൽ ആയിരിക്കാം. നമുക്കു കൈവന്നിരിക്കുന്ന ഈ കൃപയിലേക്ക് അവൻ മൂലം വിശ്വാസത്താൽ നമുക്കു പ്രവേശനം ലഭിച്ചിരിക്കുന്നു. ദൈവമഹത്വത്തിൽ പങ്കുചേരാമെന്ന പ്രത്യാശയിൽ നമുക്ക് അഭിമാനിക്കാം. മാത്രമല്ല, നമ്മുടെ കഷ്ടതകളിലും നാം അഭിമാനിക്കുന്നു. എന്തെന്നാൽ, കഷ്ടത സഹനശീലവും, സഹനശീലം ആത്മധൈര്യവും, ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു എന്നു നാം അറിയുന്നു. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. കാരണം, നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവ

ത്തിൻെറ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (cfr. Rev. 1 : 8) എന്നും ഉണ്ടായിരുന്നവനും ഇപ്പോൾ ഉള്ളവനും ഇനിയും എന്നും ഉണ്ടായിരിക്കുന്നവനുമായ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി - അല്ലേലൂയാ!

## സുവിശേഷം

### യോഹന്നാന്റെ വിശുദ്ധ സുവിശേഷത്തിൽ നിന്നുള്ള വായന (16 : 12 - 15)

*(പിതാവിനുള്ളതെല്ലാം എനിക്കുള്ളതാണ്. സത്യാത്മാവ് എനിക്കുള്ളവയിൽനിന്ന് സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും)*

അക്കാലത്ത് യേശു തന്റെ ശിഷ്യൻമാരോട് അരുളിച്ചെയ്തു: ഇനിയും വളരെ കാര്യങ്ങൾ എനിക്കു നിങ്ങളോടു പറയാനുണ്ട്. എന്നാൽ, അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്കു കഴിവില്ല. സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിൻെറ പൂർണതയിലേക്കു നയിക്കും. അവൻ സ്വമേധയാ ആയിരിക്കയില്ല സംസാരിക്കുന്നത്; അവൻ കേൾക്കുന്നതു മാത്രം സംസാരിക്കും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും. അവൻ എനിക്കുള്ളവയിൽ നിന്നു സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും. അങ്ങനെ അവൻ എന്നെ മഹത്വപ്പെടുത്തും. പിതാവിനുള്ളതെല്ലാം എനിക്കുള്ളതാണ്. അതുകൊണ്ടാണ് എനിക്കുള്ളവയിൽനിന്നു സ്വീകരിച്ച് അവൻ നിങ്ങളോടു പ്രഖ്യാപിക്കും എന്നു ഞാൻ പറഞ്ഞത്.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ** : പ്രിയ സഹോദരരെ, ഉത്തമ സ്നേഹത്തിലും, ഐക്യത്തിലും ഒന്നായിരിക്കുന്ന പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവത്തിന് നമ്മെ തന്നെ പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് അവിടുത്തെ അനുഗ്രഹങ്ങൾക്കായി യാചിക്കാം.

1. സ്നേഹ പിതാവായ ദൈവമേ, തിരുസഭയ്ക്ക് അങ്ങ് കനിഞ്ഞ് നൽകിയ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ മെത്രാന്മാരെയും, വൈദീകരെയും, സന്യസ്തരെയും അങ്ങേ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങൾ പൂർണ്ണമായും നിറവേറ്റിക്കൊണ്ട് ദൈവജനത്തെ ദൈവോന്മുഖരായി വളർത്താൻ ആത്മാവിന്റെ കൃപാവരങ്ങൾ ധാരാളമായി ഇവരിലേയ്ക്ക് ഒഴുക്കണമേയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. സത്യാത്മാവ് നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേയ്ക്ക് നയിക്കും എന്ന് തിരുവചനത്തിലൂടെ അരുളിച്ചെയ്ത ദൈവമേ, പരിശുദ്ധ ത്രിത്വത്തിന്റെ സ്നേഹകൂട്ടായ്മയിൽ ഞങ്ങളെയും പങ്കുകാരാക്കണമെ. ത്രിയേക ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ച്, ദൈവസ്നേഹത്തിലും, പരസ്നേഹത്തിലും, കൂട്ടായ്മയിലും അനുദിനം വളരുവാൻ വേണ്ട കൃപ നൽകി ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. സ്നേഹ നാഥാ, ഞങ്ങളുടെ ഇടവകയിലെ എല്ലാ കുടുംബങ്ങളെയും ഈ ബലിവേദിയിൽ സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും സ്നേഹത്തിലും, ഐക്യത്തിലും ഒന്നായിരിക്കുന്നതുപോലെ ഞങ്ങളുടെ കുടുംബാംഗങ്ങളും പരസ്പരം സ്നേഹിച്ചുകൊണ്ട് പരിമിതികളെയെല്ലാം മറികടന്ന് ഏക മനസ്സോടെ ഐക്യത്തിൽ ജീവിക്കുവാൻ ഇടയാക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. ആലംബഹീനർക്ക് ആശ്രയമേകുന്ന നാഥാ, ആതുരസേവനരംഗത്ത് പ്രവർത്തിക്കുന്ന ആരാലും അറിയപ്പെടാത്ത എല്ലാ മക്കളെയും അങ്ങേ കൃപാകടാക്ഷത്തിനായി സമർപ്പിക്കുന്നു. ഇടത് കൈ ചെയ്യുന്നത് വലത് കൈ അറിയാതിരിക്കട്ടെ എന്ന തിരുവചനത്തെ ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് പ്രവർത്തനനിരതരായിരിക്കുന്ന ഇവരെയും, ഇവരുടെ സേവന മേഖലകളെയും ധാരാളമായി അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. ഉത്ഥാന മഹത്വത്തിലേയ്ക്ക് ഞങ്ങളെ നയിക്കുന്ന നല്ല ദൈവമേ, മരണം മൂലം ഞങ്ങളിൽ നിന്നും വേർപിരിഞ്ഞ ഞങ്ങളുടെ പ്രിയപ്പെട്ടവർക്കും, ആരും പ്രാർത്ഥിക്കുവാനില്ലാത്തവർക്കും, ശുദ്ധീകരണ സ്ഥലത്ത് വേദനയനുഭവിക്കുന്ന ആത്മാക്കൾക്കും അങ്ങേ അനന്ത കാരുണ്യത്താൽ പാപ വിമുക്തി നൽകണമെന്നും, അങ്ങേ തിരുമുഖം ദർശിക്കുവാനുള്ള ഭാഗ്യമരുളണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : ത്രിയേക ദൈവമേ, അങ്ങയോടുള്ള വിശ്വാസം ഏറ്റുപറഞ്ഞ്, അവിടുത്തെ കാരുണ്യത്തിനായി യാചിക്കുന്ന അങ്ങേ പ്രിയ മക്കളുടെ പ്രാർത്ഥനകൾ ദയാപൂർവ്വം സ്വീകരിക്കണമെ.

ഞങ്ങളുടെ കർത്താവായ ........

തയ്യാറാക്കിയത് : **സി. ബേബി ലിയോൺ S. H. E.**

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

## പ്രവേശന ഗാനം

സ്നേഹദീപം തെളിയുന്നു
നാഥനീശോ അണയുന്നു (2)
ഉരുകുമീ തിരികൾ പോൽ
ഉയരുമീ ധൂപം പോൽ.... (2)
ബലിയായ് നവ ബലിയായ്
നാഥനേകാനണയാം....

താതനാം ദൈവം പുത്രനാം ദൈവം
പരിശുദ്ധാത്മാവാം ദൈവം (2)
ത്രിത്വൈക ദൈവമേ....
ആരാധനാ....

സമയം സമാഗതമായ് അനുതപിച്ചീടുവിൻ... (2)
പെസഹാ നാളിൻ പ്രഭ പോലെ
പാരിൽ ദീപ്തമാകാൻ.... (2)
ഹൃദയം നിറയെ ജീവൻ പകരും
സ്നേഹ വിരുന്നിൽ പങ്കുചേരാം
ഈ സ്നേഹ വിരുന്നിൽ പങ്കുചേരാം (2)
(താതനാം......)

## കാഴ്ചവയ്പ് ഗാനം

അപ്പവും വീഞ്ഞുമീ അൽത്താരയിൽ നൽകാൻ
കർത്താവേ ഞങ്ങളിതാ വരുന്നൂ
ആനന്ദത്തോടിവ സ്വീകരിച്ചൻപോടെ
ആശീർവ്വദിക്കൂ തമ്പുരാനേ (അപ്പവും.......)

ആശീർവ്വദിച്ചങ്ങീ കാഴ്ചദ്രവ്യങ്ങൾ
അലിവോടെ ഞങ്ങൾക്കു നൽകിടുമ്പോൾ (2)
അതു ദിവ്യകാരുണ്യമാണെന്ന വിശ്വാസം
ഞങ്ങൾക്കു നൽകണേ തമ്പുരാനേ (2)
(അപ്പവും.......)

## ദിവ്യകാരുണ്യ ഗാനം

ദിവ്യകാരുണ്യമേ ആരാധ്യനേ
കരുണാർദ്ര സ്നേഹമേ ആശ്വാസമേ
താതനും പുത്രനും പാവനാത്മാവിനും
എന്നെന്നും ആരാധന
ഓ.. ഓ.. എന്നെന്നും ആരാധന (ദിവ്യകാരുണ്യമേ....)


ആരാധന.... ആരാധന....
യേശുവേ ആരാധന..... (2)

കരുണാമയൻ നീ അലിവേറും സ്നേഹം
മുറിവുണക്കീടും തൈലം
എൻ നാവിലലിയും ഹൃദയേ വസിക്കും
വിരുന്നൊരുക്കീടും കൃപയാൽ
ഈശോ നീ എൻ പ്രാണനാഥൻ
ഈശോ നീ എൻ ജീവനാഥൻ (2)

ഓ എന്റെ ഈശോ എൻ സ്നേഹമേ (2)
(ദിവ്യകാരുണ്യമേ....)

ആരാരും കാണാ കണ്ണീരിൽ നാഥൻ
അനുഗ്രഹ മഴവില്ലു തീർക്കും
പ്രത്യാശ നൽകും സന്തോഷമാകും
പടിയിറങ്ങീടും പാപം
ഈശോ നീ എൻ പ്രാണനാഥൻ
ഈശോ നീ എൻ ജീവനാഥൻ (2) (ഓ എന്റെ........)

| Jun | വിശുദ്ധർ | വായനകൾ |
|---|---|---|
| 16 Mon | St. John Francis Regis | 2 Cor 6: 1-10/ Ps 98: 1. 2-3ab. 3cd-4/ Mt 5: 38-42 |
| 17 Tue | St. Emily de Vialar | 2 Cor 8: 1-9/ Ps 146: 1-2. 5-6ab. 6c-7. 8-9a/ Mt 5: 43-48 |
| 18 Wed | St. Gregory Barbarigo | 2 Cor 9: 6-11/ Ps 112: 1-2. 3-4. 9/ Mt 6: 1-6. 16-18 |
| 19 Thu | St. Romuald | 2 Cor 11: 1-11/ Ps 111: 1-2. 3-4. 7-8/ Mt 6: 7-15 |
| 20 Fri | St. Vincent Kaun | 2 Cor 11: 18. 21b-30/ Ps 34: 2-3. 4-5. 6-7/ Mt 6: 19-23 |
| 21 Sat | St. Aloysius Gonzaga | 2 Cor 12: 1-10/ Ps 34: 8-9. 10-11. 12-13/ Mt 6: 24-34 |



Sunday
**വെർബും ദോമിനിയുടെ**
**പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം**
**താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ**

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor

JESUS LOVES YOU.

Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.